# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 210 09.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**<u>ചങ്ങരംകുളം പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണങ്ങൾ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . പി. ശ്രീരാമകൃഷ്ണൻ | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ 2014 ജനവരി 1 മുതൽ എത്ര കസ്റ്റഡി മരണങ്ങൾ നടന്നിട്ടുണ്ട് ; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ ; | (എ) | ഒന്ന്. ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കെ ഹനീഷ എന്ന യുവതി പോലീസ് സ്റ്റേഷനിൽ തൂങ്ങി മരണപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത സ്റ്റേഷനിൽ മേൽക്കാലയളവിൽ നടന്ന എല്ലാ കസ്റ്റഡി മരണങ്ങളും അന്വേഷിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| സി) 24.04.2014-ന് പ്രസ്തുത സ്റ്റേഷനിൽ നടന്ന ഹനീഷയുടെ കസ്റ്റഡി മരണത്തിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; | (സി) | ഹനീഷയുടെ കസ്റ്റഡിമരണവുമായി ബന്ധപ്പെട്ട് ക്രൈം നം.383/2014 പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതും 7 പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് വകുപ്പുതല ശിക്ഷണ നടപടി സ്വീകരിച്ചുവരുന്നതുമാകുന്നു. കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. |
| ഡി) പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നത്; | (ഡി) | ശ്രീ. എം. പി. മോഹനചന്ദ്രൻ ഡി.വൈ. എസ്.പി., CBCID – OCW-III, മലപ്പുറം ടി കേസ് അന്വേഷണം നടത്തിവരുന്നു. |
| ഇ) മൂന്നു മാസം മുമ്പ് ഇതേ സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കേ മർദ്ദനമേറ്റ് ആശുപത്രിയിൽ മരണപ്പെട്ട മോഹനന്റെ മരണത്തെ ക്കുറിച്ചുള്ള അന്വേഷണ പുരോഗതി അറിയിക്കാമോ; | (ഇ) | മോഹനൻ എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 121/2014 u/s 174 Cr. PC പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| എഫ്) പ്രസ്തുത കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എഫ്) | പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരം

1. ശ്രീ. വി. ഹരിദാസ്, എസ്.ഐ, ചങ്ങരംകുളം പോലീസ് സ്റ്റേഷൻ.
2. ശ്രീ. തിലകൻ, എ.എസ്.ഐ.,ചങ്ങരംകുളം പോലീസ് സ്റ്റേഷൻ.
3. ശ്രീ. ഗിരീഷ് കുമാർ, എസ്.സി.പി.ഒ. 3890, ചങ്ങരംകുളം പോലീസ് സ്റ്റേഷൻ.
4. ശ്രീ. ബിനീഷ്, സി.പി.ഒ. 5376, ചങ്ങരംകുളം പോലീസ് സ്റ്റേഷൻ.
5. ശ്രീ. ജയകൃഷ്ണൻ, സി.പി.ഒ. 4685, ചങ്ങരംകുളം പോലീസ് സ്റ്റേഷൻ.
6. ശ്രീമതി. ആർ. രതിക, WCPO 4784, ചങ്ങരംകുളം പോലീസ് സ്റ്റേഷൻ.
7. ശ്രീ. റ്റി. മനോഹരൻ, എസ്.ഐ. കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ.

സെക്ഷൻ ഓഫീസർ